Malappuram District Police

## 25.10.2017 മലപ്പുറം

കാലിക്കറ്റ് സർവകലാശാലാ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ പോലീസ് കായികമേളയിൽ 45 പോയിൻറ് നേടി മലപ്പുറം പോലീസ് ആസ്ഥാനം ഓവറോൾ ചാമ്പ്യന്മാരായി. 29 പോയിൻറ് നേടിയ മലപ്പുറം സബ്ഡിവഷൻ രണ്ടാം സ്ഥാനവും പെരിന്തൽമണ്ണ സബ്ഡിവിഷൻ മൂന്നാം സ്ഥാനവും നേടി. അത്ലറ്റിക്സ് വിഭാഗത്തിൽ പെരിന്തൽമണ്ണ സബ്ഡിവിഷനാണ് ഒന്നാം സ്ഥാനം.

സമാപനച്ചടങ്ങിൽ ജില്ലാ സെഷൻസ് ജഡ്ജി എ. ബദറുദ്ദീൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറ അധ്യക്ഷനായി. ഡിവൈ.എസ്.പി-മാരായ എം.പി. മോഹനചന്ദ്രൻ, ജലീൽ തോട്ടത്തിൽ, ഉല്ലാസ്കുമാർ, സലീം, ജയ്സൺ. കെ. എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.